# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6158

09.07.2013- ൽ മറുപടിക്ക്

## ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഹൈസ്പീഡ് മറൈൻ എക്സ്പ്രസ് ഹൈവേ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉദ്ദേശിക്കുന്നുണ്ട് |
| (ബി) ഉണ്ടെങ്കിൽ ഇതിന്റെ നിർവ്വഹണച്ചുമതല ആർക്കാണ് ; | (ബി) തുറമുഖ വകുപ്പിനാണ് ഇതിന്റെ നിർവ്വഹണ ചുമതല |
| (സി) പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് ; | (സി) • കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന ചരക്കുകൾ, മറൈൻ ഹൈവേ വഴി നീക്കം ചെയ്തു റോഡിലെ ഗതാഗതക്കുരുക്കും പരിസരമലിനീകരണവും കുറയ്ക്കുന്നതിനു വേണ്ടിയാണ് മറൈൻ ഹൈവേ പദ്ധതി നടപ്പിലാക്കുന്നത്.<br>• തീരദേശ കപ്പൽ ഗതാഗതം മുഖാന്തിരം സംസ്ഥാനത്തിനുണ്ടാകുന്ന ചരക്കു നീക്കത്തിന്റെ നേട്ടങ്ങൾ വിലയിരുത്താൻ ഡിലോയിറ്റിനെ കൺസൾട്ടന്റായി നിയോഗിക്കുകയും പ്രസ്തുത കൺസൾട്ടൻസിയുടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>• തീരദേശ കപ്പൽ സർവ്വീസ് നടപ്പാക്കുന്നതിനുള്ള ഇൻസ്റ്റിറ്റ്യൂഷണൽ അറേഞ്ച്മെന്റായി, കേരള മാരിടൈം |

ബോർഡ് സ്ഥാപിക്കുന്നതിനുള്ള കരട് ബിൽ രാഷ്ട്രപതിയുടെ മുൻകൂർ അംഗീകാരം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

- ഇപ്പോൾ റോഡ്മാർഗ്ഗം കൈകാര്യം ചെയ്യപ്പെടുന്ന ചരക്കുകൾ ജലമാർഗ്ഗം ആക്കുന്നതിനുവേണ്ടി 3 തരത്തിലുള്ള ഇൻസെന്റീവ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. അതിൽ ചരക്ക് നീക്കത്തിനുള്ള ഇൻസെന്റീവിന് അംഗീകാരം നൽകിയിട്ടുണ്ട്. കപ്പൽ നിർമ്മിക്കുന്നതിനുള്ള ഇൻസെന്റീവ് പ്രൊപ്പോസലും പോർട്ട് ഡ്യൂസ് റിബേറ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.
- തീരദേശ കപ്പൽ സർവ്വീസ് നടത്തുന്നതിനായി മാനവശേഷിയുടെ വികസനത്തിന്റെ ഭാഗമായി 6 കോസ്റ്റൽ ഷിപ്പിംഗ് മാനേജർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ശുപാർശയും സർക്കാരിന്റെ പരിഗണനയിലാണ്
- തീരദേശ കപ്പൽ സർവ്വീസ് പി.പി.പി മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നതെങ്കിലും തുടക്കത്തിൽ സ്വകാര്യ മേഖലയിൽ നിന്നും കപ്പലുകൾ ഒന്നും ലഭ്യമാകാത്തതിനാൽ സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന കപ്പൽ സർവ്വീസ് ചാർട്ടർ എഗ്രിമെന്റ് ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ കൊല്ലം വല്ലാർപാടം റൂട്ടിലാണ് മറൈൻ ഹൈവേ പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി കൊല്ലത്ത് നിന്നും ചരക്ക് ലഭ്യമാക്കാൻ സാധ്യതയുള്ള സ്ഥാപനങ്ങളുടെ ഒരു യോഗം 1/2/13-ൽ കൊല്ലത്തുവച്ച് കൂടുകയും, ഇൻസെന്റീവ് ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം വിതരണം ചെയ്യുകയും ചെയ്തു.
- കൊച്ചി വല്ലാർപാടം തുറമുഖത്ത് നിന്ന് കൊല്ലത്തേക്ക് മറൈൻ ഹൈവേ വഴി ചരക്കുകൾ കൊണ്ടുവരുന്നതിനും,

സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും, ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിനും കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാന്റെ നേതൃത്വത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ മീറ്റിംഗ് കൂടുകയും, 50% ഡിസ്കൗണ്ട് മറൈൻ ഹൈവേ വഴി വരുന്ന കൊല്ലം/വല്ലാർപാടം ചരക്കു നീക്കത്തിന് നൽകാമെന്ന് തീരുമാനിക്കുകയും ചെയ്തു.

- കൊല്ലത്തു നിന്നും ചരക്കുകൾ നേരിട്ട് കസ്റ്റംസ് ക്ലിയർ ചെയ്ത് അയയ്ക്കുന്നതിനുവേണ്ടി കസ്റ്റംസ് സംവിധാനം സുഗമമാക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(ഡി) മത്സ്യബന്ധനത്തെ പദ്ധതി ഏത് രീതിയിൽ ബാധിക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(ഡി) & (ഇ) തീരദേശ കപ്പൽ ഗതാഗത പദ്ധതിയെപ്പറ്റി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്ന വേളയിൽ ജലഗതാഗതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ട്. കോസ്റ്റൽ ഷിപ്പിംഗും, ഉൾനാടൻ ജലഗതാഗതവും നടപ്പാക്കിയിട്ടുള്ള രാജ്യങ്ങളിൽ ഒന്നും തന്നെ മത്സ്യസമ്പത്ത് കുറയുകയോ മത്സ്യബന്ധനത്തിന് തടസ്സം നേരിട്ടതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാവില്ല.

സെക്ഷൻ ഓഫീസർ